St.Joseph's Church
KADAVANTHRA

# സാൻജോ വോയ്സ്

No : 5 Vol : 24 November - December 2023

## സീറോ മലബാർ സഭയുടെ ആസ്ഥാനമാക്കി എറണാകുളത്തെ ഉയർത്തിയതിന്റെ

# 100 ശതാബ്ദി

1923-2023



## കടവന്ത്ര സെന്റ് ജോസഫ്സ് പാരിഷ് ബുള്ളറ്റിൻ

(For private circulation only)


Best Wishes
Melvin Martin
&
Annu T Paulose
Pulluparambil
Sept.03.2023

ഇടയമൊഴി



## തളരാത്ത വിശ്വാസം

സ്നേഹിതരേ,

മാർ തോമാ ശ്ലീഹായിൽ നിന്ന് ക്രൈസ്തവ വിശ്വാസം സ്വീകരിച്ച നമ്മുടെ പൂർവികർ (മാർ തോമാ ക്രിസ്ത്യാനികൾ) അഞ്ചാം നൂറ്റാണ്ടു മുതൽ പതിനാലാം നൂറ്റാണ്ടു വരെ (345 -1499) പൗരസ്ത്യ സുറിയാനി മെത്രാന്മാരുടെ കീഴിലും, പതിനാറാം നൂറ്റാണ്ടു മുതൽ പത്തൊൻപതാം നൂറ്റാണ്ടു വരെ (1500 -1886) ലത്തീൻ സഭയുടെ കീഴിലും ആയിരുന്നു. 1886 ൽ മാർതോമാ ക്രിസ്ത്യാനികൾക്കായി കോട്ടയം-തൃശൂർ വികാരി യാത്തുകൾ (രൂപതകൾ) സ്ഥാപിക്കുന്നതോടെയാണ് നമ്മുടെ സഭക്ക് സ്വതന്ത്ര സ്വഭാവം കൈവരുന്നത്.

1897 ൽ എറണാകുളം, തൃശൂർ, ചങ്ങനാശ്ശേരി എന്നിങ്ങനെ മൂന്നു രൂപതകൾ നിലവിൽ വന്നു. പിന്നീട് ക്നാനായ സമുദായക്കാർ ക്കു വേണ്ടി കോട്ടയം രൂപതയും സ്ഥാപിക്കപ്പെട്ടു. മാർ ലൂയീസ് പഴേപറമ്പിൽ ആയിരുന്നു പ്രഥമ എറണാകുളം മെത്രാൻ. 1923-ൽ എറണാകുളം രൂപതയെ അതിരൂപതയായി ഉയർത്തി, മാർ അഗസ്റ്റിൻ കണ്ടത്തിൽ പിതാവിനെ ആർച്ച്ബിഷപ്പ് ആയി നിയമിച്ചതോടെയാണ് സീറോ മലബാർ ഹയരാർക്കി നിലവിൽ വരുന്നത്. 1992 ൽ സീറോ മലബാർ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്ത പ്പെട്ടു. അതോടൊപ്പം, മേജർ ആർച്ചുബിഷപ്പിന്റെ ആസ്ഥാനം ആയി എറണാകുളം തീരുമാനിക്കപ്പെട്ടു.

ഈ വർഷം 2023-ൽ അതിരൂപതയും സഭാ ആസ്ഥാനവും എന്ന നിലയിൽ എറണാകുളം ഒരു നൂറ്റാണ്ട് പൂർത്തിയാക്കുകയാണ്. കഴിഞ്ഞ അഞ്ചു വർഷങ്ങളായി പ്രതിസന്ധികളിലൂടെ കടന്നു പോകുമ്പോഴും നമ്മുടെ അതിരൂപത പല കാര്യങ്ങളിലും ഇന്ത്യയിലെ മറ്റു രൂപതക ൾക്ക് മാതൃകയാണ്. കോവിഡ് കാലത്തും, വെള്ളപ്പൊക്ക സമയത്തും, മണിപ്പൂർ കലാപത്തിലും ഏറ്റവും കൂടുതൽ ജീവ കാരുണ്യ പ്രവർത്ത നങ്ങൾ നടത്തിയത് നമ്മുടെ അതിരൂപതയാണ്. ഭവന നിർമ്മാണം,

രോഗീ ചികിത്സ, ഭിന്നശേഷിക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾ, രോഗ പ്രതിരോധ നടപടികൾ, സ്ത്രീ ശാക്തീകരണം, ലിംഗ സമത്വ പരിപാടികൾ എന്നിങ്ങനെ അനേകം പ്രവർത്തനങ്ങൾക്ക് നാം എന്നും മുൻപന്തിയിലാണ്. ഭൂമി വിവാദവും, ആരാധനാക്രമ പ്രശ്നങ്ങളും ഉണ്ടാക്കുന്ന പ്രതിസന്ധി, പ്രശ്നങ്ങൾ സൃഷ്ടിച്ചുവെങ്കിലും നമ്മൾ ഇതിനെയും അതിജീവിക്കും. ഒറ്റക്കെട്ടായി നമ്മൾ കത്തോലിക്കാ വിശ്വാസത്തിൽ അടിയുറച്ചു നിന്ന് സ്നേഹത്തിന്റെ സാക്ഷികൾ ആയി തുടരും.

നമ്മുടെ അതിരൂപതയുടെ 125-ാം വാർഷികവും ഹയരാർക്കി സ്ഥാപന ശതാബ്ദി സമാപനപരിപാടികളും 2023 ഡിസംബർ 10ന് വിവിധ പരിപാടികളോടെ തൃക്കാക്കര ഭാരത മാതാ കോളേജിൽ വച്ച് നടക്കുകയാണ്. ഇതിന്റെ വിജയത്തിനായി എല്ലാവരുടെയും സാന്നിധ്യ-സഹായ-സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

സമാഗതമാകുന്ന പിറവിത്തിരുനാളിന്റെ പ്രാർത്ഥനാ മംഗളങ്ങൾ ഏവർക്കും ഹൃദ്യമായിനേരുന്നു.

സസ്നേഹം,

**ഫാ. ബെന്നി ജോൺ മാരാംപറമ്പിൽ**
**വികാരിയച്ചൻ**

---


**എഡിറ്റോറിയൽ ബോർഡ്**

ഡോ. ബെന്നി ജോൺ മാരാംപറമ്പിൽ (വികാരി)
റവ. ഫാ. വിമൽ കല്ലൂക്കാരൻ RCJ (അസി. വികാരി)
റവ. മദർ അജയ FCC (സുപ്പീരിയർ, അമലാഭവൻ)
രാജേഷ് കുമ്മംകുളത്ത് (വൈസ് ചെയർമാൻ)
രാജു ചുള്ളിയാട്ട് (ജന. സെക്രട്ടറി)
ടോംസൺ ചാക്കോ പരിമണത്ത് (ട്രഷറർ)
സിമി തോമസ് ആക്കനത്ത് (ജോ. സെക്രട്ടറി)
ജോൺസൺ കാട്ടുപറമ്പിൽ (കൈക്കാരൻ)
ലോനപ്പൻ കോനുപറമ്പൻ (കൈക്കാരൻ)
താര ജോസി ആനാന്തുരുത്തി (പാരിഷ് കൗൺസിൽ സെക്രട്ടറി)

# എഡിറ്റോറിയൽ



2023 ന്റെ അവസാനമാസങ്ങളിൽ ആണ് നമ്മൾ. നവംബർ നമ്മെ രണ്ടു കാര്യങ്ങളാണ് ഓർമ്മിപ്പിക്കുന്നത്. ഒന്ന് വിജയ സഭയെക്കുറിച്ചും രണ്ട് സഹന സഭയെക്കുറിച്ചും.

നാം വിജയ സഭയിൽ എത്തിച്ചേരണമോ സഹന സഭയിൽ എത്തിച്ചേരണമോയെന്ന ഒരു നിർണായക ചോദ്യം കൂടി നവംബർ മാസം നമ്മുടെ ധ്യാനത്തിനും തീരുമാനത്തിനും ആയി മുന്നോട്ടുവയ്ക്കുന്നു.

അതോടൊപ്പം ഒരു നിർണ്ണായക ഉത്തരവാദിത്വവും നമ്മിൽ നിക്ഷിപ്തമായിരിക്കുന്നു. പരമപരിശുദ്ധനായ ദൈവത്തിങ്കലേക്കു എത്തി ചേരുവാൻ വെമ്പൽ കൊള്ളുന്ന സഹന സഭയിലെ ആത്മാക്കളെ സഹായിക്കുവാനുള്ള നമ്മുടെ ധാർമിക ഉത്തരവാദിത്വം. ഇതിനായി നമ്മുടെ അനുദിന പ്രാർത്ഥനകൾ, പ്രവർത്തനങ്ങൾ, സഹനങ്ങൾ, ക്ലേശങ്ങൾ എന്നിവയെല്ലാം സഹന സഭയിലെ നമ്മുടെ പ്രിയപ്പെട്ടവർക്ക് വേണ്ടി സമർപ്പിക്കാം.

ഡിസംബർ മാസം നമ്മുടെ ഹൃദയങ്ങളിലേക്ക് ഒരു കുളിർമഴയായി കടന്നുവരുന്നു. സന്തോഷത്തിന്റെയും ശാന്തിയുടേയും കുളിർമയേകുന്ന ചിന്തകളാൽ മനസ്സ് നിർവൃതിയടയുന്നു. ഉണ്ണിയേശുവിന്റെ തിരുപ്പിറവിക്കായി പ്രകൃതിതന്നെ ഒരുങ്ങുന്ന ഒരു അനുഭൂതി. ഈ സന്തോഷം നമ്മുടെ ഹൃദയങ്ങളെ പുളകിതമാക്കട്ടെയെന്ന് ആശംസിക്കുന്നു.

ഏവർക്കും ക്രിസ്തുമസ് മംഗളങ്ങൾ മുൻകൂട്ടി നേരുന്നു.

സസ്നേഹം,

**രാജേഷ് സെബാസ്റ്റ്യൻ കുമ്മംകുളത്ത്**

എഡിറ്റർ ഇൻ ചാർജ്



**ഗിൽഡ ജോൺ**
ചുള്ളിയാട്ട്
സെ. ആന്റണീസ് യൂണിറ്റ്

# എന്താണ് ശുദ്ധീകരണ സ്ഥലം? അഥവാ ശുദ്ധീകരണസ്ഥലം

ദൈവത്തിന്റെ കൃപാവരത്തിലും സൗഹൃദത്തിലും മരിക്കുന്നവർ പൂർണമായി ശുദ്ധീകരിക്കപ്പെട്ടവരല്ലെങ്കിലും, നിത്യരക്ഷയുടെ ഉറപ്പുനേടിയവരാണ്. എന്നാൽ, സ്വർഗീയാനന്ദത്തിലേക്കു പ്രവേശിക്കുവാൻ ആവശ്യമായ വിശുദ്ധി നേടുന്നതിനു വേണ്ടി അവർ മരണാനന്തരം ശുദ്ധീകരണത്തിന് വിധേയരായിത്തീരുന്നു. തിരഞ്ഞെടുക്കപ്പെട്ടവരുടെ ഈ അന്തിമ ശുദ്ധീകരണത്തെ ശുദ്ധീകരണസ്ഥലം (Purgatory) എന്നു വിളിക്കുന്നു.

ശപിക്കപ്പെട്ടവരുടെ ശിക്ഷയിൽ നിന്ന് അതു തികച്ചും വിഭിന്നമാണ്. ശുദ്ധീകരണസ്ഥലത്തെ സംബന്ധിച്ച സഭയുടെ വിശ്വാസപ്രബോധനങ്ങൾ പ്രത്യേകമായും ഫ്ളോറൻസിലെയും ട്രെന്റിലേയും സൂനഹദോസുകളിൽ ക്രോഡീകരിക്കപ്പെട്ടവയാണ്. സഭയുടെ പാരമ്പര്യം വിശുദ്ധ ഗ്രന്ഥത്തിലെ ചില ഭാഗങ്ങൾ പരാമർശിച്ചുകൊണ്ടു ശുദ്ധീകരിക്കുന്ന അഗ്നിയെപ്പറ്റി പറയുന്നുണ്ട്.

ലഘുവായ കുറ്റങ്ങളെ സംബന്ധിച്ചിടത്തോളം, അവസാനവിധിക്കുമുൻപ് ഒരു ശുദ്ധീകരണാഗ്നിയുണ്ടെന്നു നാം വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിനെതിരേ ദൂഷണം പറയുന്നവരോട് ഈ യുഗത്തിലോ വരും യുഗത്തിലോ ക്ഷമിക്കപ്പെടുകയില്ലെന്നു സത്യം തന്നെയായവൻ

പറയുന്നു. ചില കുറ്റങ്ങൾ ഈ യുഗത്തിൽ ക്ഷമിക്കപ്പെടാമെന്നും എന്നാൽ മറ്റുചിലതു വരാനുള്ള യുഗത്തിലും ക്ഷമിക്കപ്പെടാമെന്നും ഈ വാചകത്തിൽ നിന്നു നാം മനസ്സിലാക്കുന്നു. ഈ സൂചന ശുദ്ധീകരണസ്ഥലത്തെക്കുറിച്ചുതന്നെയാണ്.

പഴയനിയമഗ്രന്ഥങ്ങളിൽ ദൈവസാന്നിധ്യാനുഭവത്തിനു അഗ്നിക്കുണ്ടായിരുന്ന സ്ഥാനമാണ് അഗ്നിയും ശുദ്ധീകരണസ്ഥലവുമായി ബന്ധിപ്പിക്കാനുള്ള ഒരു കാരണം.

മക്കബായക്കാരുടെ പുസ്തകത്തിലെ മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും (2 Mac.12: 38-46) പുതിയനിയമഗ്രന്ഥങ്ങളിലെ ചില പ്രതിപാദനങ്ങളും ( 1Cor.3: 10-15, Mt. 5: 24- 26; 12: 13, 32; 18: 32-35; 20: 15; Rom. 8: 28-29; Rev. 21: 27) ശുദ്ധീകരണസ്ഥലത്തെക്കുറിച്ചുള്ള ക്രൈസ്തവദർശനത്തിനു അടിസ്ഥാനമാണ്.

സഭാപിതാക്കന്മാരുടെ കാലത്തു ശുദ്ധീകരണസ്ഥലമെന്ന വിശ്വാസമുണ്ടായിരുന്നുവെങ്കിലും അത് ഇന്നത്തേതിലും വ്യത്യസ്തമായിരുന്നു.

സഭാ പിതാക്കന്മാരായ വി. തെർത്തുല്യനും (160 -220) ഒരിജിനും (+253) മരിച്ചവർ ഉത്ഥാനംവരെ ശവകുടീരത്തിൽ വസിക്കുമെന്നു വിശ്വസിച്ചു. വി. അഗസ്തീനോസ് ദൈവത്തിന്റെ ´വിധിയാണ് ശുദ്ധീകരണസ്ഥലമെന്നു വിശ്വസിച്ചു.

ശുദ്ധീകരണസ്ഥലത്തെക്കുറിച്ചുള്ള ക്രൈസ്തവർക്കിടയിലെ ഏറ്റവും പുരാതനമായ പ്രതിപാദനം വി. പെർപ്പത്തുവയുടെ (+202) ഒരു സ്വപ്നത്തെക്കുറിച്ചുള്ളതാണ്.

വി. സിപ്രിയാൻ (+258 ), മിലാനിലെ വി. അംബ്രോസ് (334 -397), അലെക്സാൻഡ്രിയയിലെ വി. ക്ലെമെന്റ് (+215 ), നിസയിലെ വി. ഗ്രിഗറി (335 - 394), വി. ജോൺ ക്രിസോസ്തോം (344 - 407) തുടങ്ങിയവരും ശുദ്ധീകരണസ്ഥലത്തെപ്പറ്റി പഠിപ്പിച്ചു. എന്നാലത് മരിക്കുന്നതിനുമുൻപ് പാപങ്ങൾക്ക് പ്രയശ്ചിത്തം ചെയ്യണമെന്ന അർഥത്തിലായിരുന്നു. മരണത്തിനുമുൻപ് മനസ്തപിക്കുവാൻ ദൈവം അവസരം നൽകുമെന്നും മരണത്തിനുമുൻപ് മനസ്തപിക്കുവാൻ മനസ്സാകണമെന്നുമായിരുന്നു അതിനന്നുണ്ടായിരുന്ന അർത്ഥം.

വി. അഗസ്തീനോസ് ദൈവത്തിന്റെ നഗരമെന്ന (City of God) പ്രശസ്തഗ്രന്ഥത്തിൽ ശുദ്ധീകരണസ്ഥലത്തെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. എന്നാലതൊരു സ്ഥലമായി അദ്ദേഹം പ്രതിപാദിക്കുന്നില്ല.

മഹാനായ വി. ഗ്രിഗറിയാണ് (540-604 ) സഹനത്തിന്റെ സ്ഥലമായും മരണശേഷമുള്ള ശുദ്ധീകരണമായും ശുദ്ധീകരണസ്ഥലത്തെ ആദ്യമായി

അവതരിപ്പിച്ചത്. ആർച്ച്ബിഷപ് ഹിൽദേബേർട് ലാവാർഡിൻ (Hildebert of Lavardin) (+1133) ആണ് ഇന്ന് കത്തോലിക്കർ പൊതുവെ വിശ്വസിക്കുന്ന രീതിക്കു സാമ്യമുള്ള ശുദ്ധീകരണസ്ഥലത്തെപ്പറ്റി കത്തോലിക്കാ സഭയിൽ ആദ്യമായി പ്രതിപാദിച്ചത്.

1274 -ലെ ലിയോൺസ് കൗൺസിലിലാണ് സഭയുടെ ഔദ്യാഗികപഠനമായി ശുദ്ധീകരണസ്ഥലം പ്രതിപാദിക്കപ്പെടുന്നത്. 1274-ലെ ലിയോൺസിലെ രണ്ടാം കൗൺസിൽ, 1439-ലെ ഫ്ലോറൻസിലെ കൗൺസിൽ, 1563-ലെ ട്രെൻഡ് കൗൺസിൽ, ഇന്നസെന്റ് നാലാമൻ മാർപ്പാപ്പ (1221 -1274 ), വി. തോമസ് അക്വിനാസ് (1225 - 1274 ), വി. ബോനവെഞ്ചർ (1221- 1274 ) തുടങ്ങിയവരും ശുദ്ധീകരണസ്ഥലം ഉണ്ടെന്നു പഠിപ്പിക്കുന്നുണ്ട്.

ബെനഡിക്ട് 12-ൻ മാർപ്പാപ്പ 1336-ൽ Benedictus Deus എന്ന പ്രമാണരേഖയിലൂടെ വിധിക്കു മുൻപുള്ള ശുദ്ധീകരണമായി ശുദ്ധീകരണസ്ഥലത്തെ നിർവചിച്ചു.

ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പയുടെ വാക്കുകളിൽ മരണശേഷമുള്ള ഒരു 'സൂപ്പർ കോൺസെൻട്രേഷൻ ക്യാംപല്ല' ശുദ്ധീകരണസ്ഥലം.

എന്നിരുന്നാലും സഭാപഠനത്തിൽ ശുദ്ധീകരണസ്ഥലം കത്തോലിക്കാ സഭയുടെ അടിസ്ഥാന-അഥവാ കേന്ദ്രപഠനങ്ങളിൽപ്പെടുന്നില്ലയെന്നും മനസിലാക്കണം.

ശുദ്ധീകരണസ്ഥലത്തെക്കുറിച്ചുള്ള വിശ്വാസവും ശുദ്ധീകരണസ്ഥലത്തെക്കുറിച്ചുള്ള പഠനവും സഭയിൽ രൂപപ്പെട്ടത് ക്രമാനുഗതമായാണ്.

ചുരുക്കി പറഞ്ഞാൽ ശുദ്ധീകരണ സ്ഥലം നമുക്കു മുൻപേ മരണം മൂലം കടന്നുപോയ വിശ്വാസ ജീവിതങ്ങളെ ഓർത്ത് ദൈവത്തിനു മുമ്പിൽ കരങ്ങൾ കൂപ്പുവാൻ നമ്മളെ പ്രേരിപ്പിക്കുന്നു.

★

**'മത്തായി'ച്ചേട്ടൻ**

ഒരു വീടിനു പുറത്തുനിന്ന് കുറേ കുടിയന്മാർ അലമുറയിട്ടു : 'മത്തായിച്ചേട്ടന്റെ ഭാര്യ ത്രേസ്യാച്ചേടത്തി ഉണ്ടെങ്കിൽ പുറത്തേക്കു വരിക.'

വാതിൽക്കൽ ഒരു സ്ത്രീ പ്രത്യക്ഷപ്പെട്ടു: 'എന്താ കാര്യം?'

കുടിയന്മാർ: 'ഇതിലേതാണ് മത്തായിച്ചേട്ടനെന്ന് ചേടത്തി പറയുകയാണെങ്കിൽ ബാക്കിയുള്ളവർക്ക് പോകാമായിരുന്നു!'

## ലോഗോസ് ക്വിസ് അതിരൂപതാ തല പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയവർക്ക് അഭിനന്ദനങ്ങൾ



**അലീഷ സേവ്യർ**
കാട്ടുപറമ്പിൽ
5th റാങ്ക്



**രെഞ്ജു സിജോ**
കോളുതറ
86 മാർക്ക്



**ലാലി സെബാസ്റ്റ്യൻ**
പടയാട്ടിൽ
84 മാർക്ക്

## ഇടവക തലത്തിൽ നടന്ന ബൈബിൾ ക്വിസ് മത്സരത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയവർക്ക് അഭിനന്ദങ്ങൾ



രെഞ്ജു സിജോ കോളുതറ



**റാണി ജോൺ**
കാട്ടുപറമ്പിൽ



**ലാലി സെബാസ്റ്റ്യൻ**
പടയാട്ടിൽ



**മഞ്ജു മേരി തോമസ്**
പള്ളിവാതുക്കൽ



**മേരി റോബിൻ**
പരിമണത്ത്



**ലില്ലി ജോസ്**
കോയിത്തറ



**സുനിത രാജൻ**
പുത്തൻപുരയ്ക്കൽ



# ചർമ്മ സംരക്ഷണം ഹോമിയോപ്പതിയിലൂടെ



ഡോ. സുനിത ജോർജ്ജ്
കരിന്തോളിൽ
Dept. of Homoeopathy
Medical Officer,
സെന്റ് മേരീസ് യൂണിറ്റ്

'മുഖം മനസ്സിന്റെ കണ്ണാടി' എന്ന് പറയുന്നതുപോലെ ഒരു വ്യക്തിയുടെ ശരീരത്തിന്റെ ആരോഗ്യാവസ്ഥ ചർമ്മത്തിലൂടെ മനസ്സിലാക്കാം. ആന്തരികമായ പല അസുഖങ്ങളും ഒരു വ്യക്തിയുടെ നഖത്തിന്റെയും ചർമ്മത്തിന്റെയും മുടിയുടെയും ആരോഗ്യത്തിൽ പ്രതിഫലിക്കുന്നു.

ചർമ്മത്തിന്റെ നിറം - മെലാനിൻ, ഹീമോഗ്ലോബിൻ, കെരാറ്റിനോയിഡ്സ് എന്നിവയെ ആശ്രയിച്ചിരിക്കും, എങ്കിലും മെലാനിൻ പിഗ്മെന്റ് ആണ് ഇതിൽ ഏറ്റം പ്രധാനപ്പെട്ടത്. മെലാനിൻ രൂപീകരണത്തിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ കൊണ്ടോ അത് ഉദ്പാദിപ്പിക്കുന്ന കോശങ്ങൾ നശിച്ച് പോകുന്നത് കൊണ്ടോ ത്വക്കിൽ നിറവ്യത്യാസം ഉണ്ടാകുന്നു. മറ്റൊരു കാരണം കെമിക്കലുകളുമായുള്ള സമ്പർക്കവും അമിതമായ സൂര്യതാപം ഏൽക്കുന്നതുമാണ്.

ചർമ്മത്തിലെ നിറവ്യത്യാസം (Pigmentation Disoder) രണ്ടു തരത്തിലാണ് കാണപ്പെടുന്നത്,

1. Hyper pigmentation - Tanning, Chloasma
2. Hypo pigmentation - Vitiligo Albinism.

**Tanning (കരിവാളിപ്പ്)**

അമിതമായ സൂര്യപ്രകാശമോ, അൾട്രാവയലറ്റ് രശ്മികളോ ഏൽക്കുന്നതിലൂടെ ശരീരത്തിലെ മെലാനിൻ അമിതമായി ഉദ്പാദിക്കപ്പെടുന്നു. ഇത് രണ്ട് തരത്തിലാണുള്ളത്.

(1) Immediate pigment darkening (IPD) of (2) Delayed tanning

ആദ്യത്തെ തരം കരിവാളിപ്പ് സൂര്യതാപമേറ്റതിന് 1 - 2 മണിക്കൂറിനുള്ളിൽ ഏറ്റം അധികം നിറവ്യത്യാസമുണ്ടാവുകയും 3 - 24 മണിക്കൂറിനുള്ളിൽ കുറയുകയും ചെയ്യും.
രണ്ടാമത്തേതിൽ 48 - 72 മണിക്കൂറിനുള്ളിലാണ് ഇവിടെ നിറവ്യത്യാസം കാണപ്പെടുക.

**Chloasma (കരിമംഗല്യം)**

ബ്രൗൺ നിറത്തിൽ: സ്ത്രീകളുടെ മൂക്കിന്റെ പാലത്തിലും രണ്ട് കവിളുകളിലും മേൽചുണ്ടിലും നെറ്റിയിലുമാണ് കൂടുതലായി കാണപ്പെടുന്നത്. ഗർഭകാലത്തും മാസമുറ നിൽക്കുന്നതിനോടനുബന്ധിച്ചുള്ള (menopause) ഹോർമോൺ വ്യതിയാനം കൊണ്ടുമാണ്, ഇതുണ്ടാകുന്നത്. വെയിൽ അധികം കൊള്ളുന്നത് ഇത് അധീകരിക്കുന്നു. ചിലരിലെങ്കിലും രക്തസ്രാവം കൊണ്ടുള്ള അനീമിയ കൊണ്ടും ഇതു വരാറുണ്ട്.

നിറവ്യത്യാസം കുറയ്ക്കാനുള്ള ലേപനങ്ങൾ പുറമേ ഉപയോഗിക്കുന്നതിനൊപ്പം അടിസ്ഥാന അസുഖത്തിനുള്ള മരുന്നും കഴിക്കേണ്ടതാണ്.

**Vitiligo (വെള്ളപ്പാണ്ട്)**

കോസ്മെറ്റിക് പ്രത്യാഘാതങ്ങൾ ഒഴിച്ചാൽ തികച്ചും നിരുപദ്രവകാരിയായ ഒരു രോഗമാണിത്. ശരീരത്തിൽ മെലാനിന്റെ ഉത്പാദനം കുറയുമ്പോഴാണ് അത് ശരീരത്തിൽ വെളുത്ത പാടുകളായി കാണപ്പെടുന്നത്. ശരീരത്തിലെ ഇമ്മ്യൂൺ സിസ്റ്റത്തിൽ ഉണ്ടാകുന്ന മാറ്റങ്ങളാണ് ഇത് വരാനുള്ള കാരണം. ജനിതകമാറ്റം, സ്ട്രെസ്സ്, വൈറൽ ബാധ എന്നിവ കൊണ്ടെല്ലാം വെള്ളപ്പാണ്ട് ഉണ്ടാകാം എന്ന് ഗവേഷണങ്ങൾ സൂചിപ്പിക്കുന്നു.

കൂടുതലായി കാണപ്പെടുന്നതും ഹോമിയോപ്പതിയിലൂടെ ഫലപ്രദമായി ചികിത്സിക്കാവുന്നതുമായ മറ്റ് ചർമ്മരോഗങ്ങളാണ് Orticaria, Allergic dematitis, contact dematitis, skin tag, sarts (അരിമ്പാറ), fungal infections, varicose ulcers, acne (മുഖക്കുരു), മുടികൊഴിച്ചിൽ, പാലുണ്ണി മുതലായവ.

**ചർമ്മ പരിരക്ഷയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. ആരോഗ്യമുള്ള ശരീരവും മനസ്സും ആരോഗ്യമുള്ള ചർമ്മത്തിന് അത്യന്താപേക്ഷിതമാണ്. സംവേദന ശേഷിയുള്ളതാണ് നമ്മുടെ ചർമ്മം. എപ്പോഴും സന്തോഷമുള്ളവരായിരിക്കാൻ ശ്രദ്ധിക്കുക. മാനസിക സംഘർഷം കുറയ്ക്കാൻ യോഗ, മെഡിറ്റേഷൻ മുതലായവ ശീലിക്കാം.

2. വ്യക്തിശുചിത്വം പാലിക്കുക. ദിവസവും രണ്ടു നേരം കുളിക്കുക. ചർമ്മം ആഴ്ചയിലൊരിക്കലെങ്കിലും എണ്ണതേച്ച് കുളിക്കുക.

3. ചർമ്മത്തിന്റെ ആരോഗ്യത്തിന് കുറഞ്ഞത് രണ്ടു ലിറ്റർ വെള്ള മെങ്കിലും കുടിക്കുക, പച്ചക്കറി, പഴങ്ങൾ, നട്ട്സ് മുതലായവ കൂടുതൽ ഭക്ഷണത്തിൽ ഉൾപ്പെടുത്തുക. അലർജി ഉണ്ടാക്കുന്ന ഭക്ഷണങ്ങൾ കണ്ടെത്തി അവയുടെ ഉപഭോഗം നിയന്ത്രിക്കേണ്ടതാണ്.

4. പ്രമേഹരോഗികൾ ചർമ്മത്തിലെ മുറിവുകൾ, പ്രത്യേകിച്ച് കാലിലേത് ശ്രദ്ധിക്കേണ്ടതാണ്.

5. ഈർപ്പമുള്ളതും, ഇറുകിയതുമായ വസ്ത്രങ്ങൾ ധരിക്കരുത്. ഫംഗൽ അണുബാധയ്ക്ക് അത് കാരണമാകും. ഇളം നിറത്തിലുള്ള കോട്ടൺ വസ്ത്രങ്ങളാണ് വേനൽക്കാലത്ത് ഉത്തമം.

6. ചിട്ടയായ ജീവിതവും, വ്യായാമവും നമ്മുടെ ആരോഗ്യത്തെ നില നിർത്തുന്നു. നമ്മുടെ ചർമ്മം സംരക്ഷിക്കപ്പെടുന്നതിനോടൊപ്പം ചെറു പ്പമായിരിക്കാനും എയ്റോബിക് വ്യായാമം നല്ലതാണ്.

7. ചർമ്മത്തിൽ ഏതെങ്കിലും, പാടുകളോ, തിണർപ്പുകളോ കാണു ന്നുണ്ടെങ്കിൽ സ്വയം ചികിത്സിക്കാതെ ഒരു ഡോക്ടറെ സമീപിക്കണ്ടതാ ണ്.

**ഹോമിയോപ്പതി ചികിത്സ**

'സദൃശം സദൃശത്തെ സുഖപ്പെടുത്തുന്നു'' എന്നതാണ് ഹോമി യോപ്പതി വൈദ്യശാസ്ത്രത്തിന്റെ അടിസ്ഥാന തത്വം. മേൽപ്പറഞ്ഞ അസുഖങ്ങൾക്കെല്ലാം ഹോമിയോപ്പതിയിൽ ഫലപ്രദമായ മരു ന്നുകൾ ഉണ്ട്. ചർമത്തിന്റെയും, രക്തത്തിന്റെയും പരിശോധനയ്ക്ക് ശേഷം രോഗം കണ്ടുപിടിച്ച ശേഷമാണ് മരുന്നുകൾ നല്കുന്നത്. ഓരോ വ്യക്തിക്കും അവരവരുടെ മാനസിക ശാരീരിക അവസ്ഥാ വി ശേഷങ്ങളും ഭക്ഷണ ജീവിതരീതികളും അടിസ്ഥാനമാക്കിയാണ് മരു ന്നുകൾ നൽകുന്നത്. Aur Mur Natronalum, Syplilium, Bacillinum, Graphites, Rhustox, Thuja, Eclinacea, Mamamelis, Berheus Aquifilia, Apir മുതലായ മരുന്നുകൾ വളരെ ഫലപ്രദമാണ്. മരുന്നിനോടൊപ്പം തന്നെ മേൽ നിർദേശിച്ച ചർമ പരിരക്ഷയും ചികിത്സ ഫലപ്രദമാകുന്ന തിന് പാലിക്കേണ്ടതാണ്.

★



**ജോബി ജോർജ് ചെറുതുരുത്തി**
സെന്റ് ആന്റണീസ് യൂണിറ്റ്

### ആ ദിവ്യ ജനനത്തിന്റെ പകിട്ടോർമ്മ :

# ക്രിസ്തുമസ് ആഘോഷം വിവിധ നാടുകളിൽ

കർത്താവിന്റെ ദൂതൻ ആട്ടിടയന്മാർക്ക് പ്രത്യക്ഷപ്പെട്ട് പറഞ്ഞു : “ഇതാ സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്നു ജനിച്ചിരിക്കുന്നു.” ലൂക്കാ 2:10

പ്രതിസന്ധികളോട് പൊരുതുന്ന ഈ ലോകത്തിന് ആശ്വാസത്തിന്റെയും പ്രതീക്ഷയുടെയും വെളിച്ചം നൽകുകയും, സമാധാനത്തിന്റെയും സ്നേഹത്തിന്റെയും സന്ദേശം പകരുന്നതുമാണ് ഓരോ ക്രിസ്തുമസ് കാലവും അതിനോട് അനുബന്ധിച്ചആഘോഷങ്ങളും.

പരമ്പരാഗതമായി ക്രിസ്തുമസ് കാലങ്ങളിൽ നമ്മുടെ നാട്ടിൽ, പ്രത്യേകിച്ച് സുറിയാനി സഭാ സമൂഹം, ഡിസംബർ 1 മുതൽ 24 വരെ നോമ്പ് അനുഷ്ഠിച്ച് പാതിരാ കുർബാനയോട് കൂടി രക്ഷകന്റെ തിരു പിറവിയുടെ സന്തോഷത്തിൽ പങ്കുചേരുന്നു. കൂടാതെ പള്ളികളിലും വീടുകളിലും പുൽക്കൂട് നിർമ്മിക്കുകയും, അലങ്കാരത്തിനായി നക്ഷത്രങ്ങളും ക്രിസ്തുമസ് ട്രീകളും ഒരുക്കുകയും, അന്യോന്യം സമ്മാനങ്ങളും പലഹാരങ്ങളും കൈമാറുകയും ചെയ്തു പോരുന്നു. ക്രിസ്തുമസ് പ്ലം കേക്ക് ക്രിസ്തുമസ് ആഘോഷത്തിന്റെ അവിഭാജ്യ ഘടകമാണ്.

ക്രിസ്തുമസ്സിന്റെ ഏറ്റവും പ്രധാനപ്പെട്ട ആഘോഷം നടക്കുന്നത് വത്തിക്കാൻ സിറ്റിയിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ മാർപാപ്പയുടെ കാർമികത്വത്തിലുള്ള തിരുകർമ്മങ്ങളോട് കൂടിയാണ്. ക്രിസ്തുമസ് ആഘോഷങ്ങൾ കൂടിച്ചേരലിന്റെ മഹത്വം വിളിച്ചറിയിക്കുന്ന ഒന്നാണ്. ബെത് ലേഹേം പട്ടണ

ത്തിൽ ക്രിസ്തുമസ് ആഘോഷിക്കാൻ ലക്ഷക്കണക്കിന് ആളുകൾ എത്തിച്ചേരുന്നു.

ജൂലിയൻ കലണ്ടർ പ്രകാരം ജനുവരി ആറിനാണ് റഷ്യയും അതിനോട് അനുബന്ധിച്ചുള്ള രാജ്യങ്ങളും ക്രിസ്തുമസ് ആഘോഷിക്കുന്നത്, പ്രത്യേകിച്ച് ജോർജിയയിൽ. ക്രിസ്തുമസ് കാലമാവുമ്പോഴേക്കും ഗ്രാമങ്ങൾ പലതും മഞ്ഞിനടിയിലാവും. അതിനാൽ ഗ്രാമവാസികൾ ക്രിസ്തുമസ് ആഘോഷങ്ങൾക്കായി നഗരങ്ങളിലേക്ക് ചേക്കേറുകയാണ് പതിവ്.

ക്രിസ്തുമസ് എന്ന് കേൾക്കുമ്പോൾ കുട്ടികളുടെ മനസ്സിൽ ആദ്യം ഓടിയെത്തുന്നത് ചുവന്ന കുപ്പായം ധരിച്ച്, കലമാൻ വലിക്കുന്ന ഹിമവാഹനത്തിലേറി, സമ്മാനപ്പൊതികളുമായി എത്തുന്ന ക്രിസ്തുമസ് പപ്പയെയാണ്. ക്രിസ്തുമസ്സിന്റെ സന്തോഷകരമായ വിശ്വാസങ്ങളിൽ ഒന്നാണ് ഈ കാഴ്ച. വിശുദ്ധ നിക്കോളാസ് ആണ് ക്രിസ്തുമസ് പപ്പ എന്ന് അറിയപ്പെടുന്നത്. സാന്താക്ലോസിന്റെ നാട് എന്നറിയപ്പെടുന്ന ഫിൻലാൻഡിലെ ഉത്തരധ്രുവത്തിൽ ആർട്ടിക് സെർക്കിളിനോട് ചേർന്ന് കിടക്കുന്ന ലാപ്പ്ലാൻഡിലെ റോവാനിമിയിൽ സാന്താക്ലോസിനായി ഒരു വില്ലേജും അതിൽ ഒരു വസതിയും സ്ഥിതി ചെയ്യുന്നു. വർഷംതോറും 5 ലക്ഷത്തിലധികം പേരാണ് സാന്താക്ലോസിന്റെ ഈ വസതിയിൽ വന്നു പോകുന്നത്.

ലോകത്തിലെ പല ഭാഗത്തും കൊടുംമഞ്ഞിലും തണുപ്പിലും ക്രിസ്തുമസ് ആഘോഷിക്കുമ്പോൾ വേനൽക്കാലത്തെ ക്രിസ്തുമസ് ആഘോഷിക്കുന്ന രാജ്യമാണ് ഓസ്ട്രേലിയ. മുളപ്പിച്ച തൈകൾ ശേഖരിച്ച് നട്ടുവളർത്തി ഏഴു വർഷത്തോളം കാത്തിരുന്ന് ഉണ്ടാകുന്ന മനോഹരമായ ക്രിസ്തുമസ് ട്രീകളാണ് ഇവിടുത്തെ പ്രധാന ആകർഷണം. ഈ മരങ്ങൾ ക്രിസ്തുമസ് ട്രീകളായി അലങ്കരിച്ച് വെളിച്ചം തെളിച്ച് തിരുപ്പിറവിയുടെ സന്തോഷം ഓരോ ശിഖരങ്ങളിൽ ചേർത്തുവയ്ക്കുന്നതാണ് ഇവിടെയുള്ളവരുടെ ക്രിസ്തുമസ് ആഘോഷം.

പരമ്പരാഗത ഓസ്ട്രിയയിൽ ക്രിസ്തുമസ് ആഘോഷങ്ങൾക്ക് തിരിതെളിയിക്കുന്നത് ക്രിസ്തുമസ് രാവിന് നാലാഴ്ച മുൻപുള്ള ഞായറാഴ്ച മുതലാണ്. ഓരോ ആഴ്ച കടന്നുപോവുമ്പോഴും ഓരോരോ മെഴുകുതിരിയിലും അതാത് ഞായറാഴ്ചകളിലും തീ പകരുന്നു. പരമ്പരാഗത രീതിയിലുള്ള വ്യത്യസ്ത തരം മധുരപലഹാരങ്ങൾ തയ്യാറാക്കുന്നു. അവിടുത്തെ ക്രിസ്തുമസ് ആഘോഷങ്ങളിലെ ഒഴിവാക്കാനാകാത്ത വിഭവങ്ങൾ ആണിത്. ഉണ്ണീശോയുടെ തിരുപ്പിറവി ദിനത്തിനായുള്ള കാത്തിരിപ്പിനിടയിൽ 24 ദിവസവും സമ്മാനങ്ങൾ മറച്ചുവെച്ചുള്ള ക്രിസ്തുമസ് കലണ്ടർ അവർ കുട്ടികൾക്ക് നൽകുന്നു. ഓസ്ട്രിയയിലെ വനങ്ങളിൽ മഞ്ഞു മൂടി കിടക്കുന്ന മരങ്ങൾക്കിടയിൽ നിന്ന് ക്രിസ്തുമസ് ട്രീ മുറിച്ചെടുത്ത് കൊണ്ടുവന്ന് അലങ്കരിച്ചു ത്യാഗത്തിന്റെയും സഹനത്തിന്റെയും വഴി തെളിച്ചു നൽകിയ ദൈവപുത്രന്റെ പിറവി ദിനത്തിനായി അവർ കാത്തിരിക്കുന്നു.

പങ്കുവയ്ക്കലിന്റെയും ചേർത്തുനിർത്തലിന്റെയും ആഘോഷമായതിനാൽ ഓരോ പുതിയ ക്രിസ്തുമസ് കാലം പിറക്കുമ്പോഴും പല നാടുകളിൽ ഇരുന്ന് പഴമ നിലനിർത്തിക്കൊണ്ട് ക്രിസ്തുമസ് ആഘോഷിക്കാൻ ഓരോ വ്യക്തിയും ശ്രമിക്കുന്നു എന്നതാണ് മഹത്തായ കാര്യം. നമുക്കും പ്രാർത്ഥനയോടെ കാത്തിരിക്കാം ഒരു നല്ല ക്രിസ്തുമസ് കാലത്തിനായി.....

★

2-ാം ചരമവാർഷികം.

4 -ാം ചരമവാർഷികം.





തൊമ്മി ചാക്കോ
പരിമണത്ത്

ജനനം : 19.11.1930| മരണം : 03.11.2021

റോസി ചാക്കോ
പരിമണത്ത്

ജനനം : 27.09.1933 | മരണം : 19.11.2019

25 -ാം ചരമവാർഷികം



# തൊമ്മി ജോസഫ്

പരിമണത്ത്

ജനനം : 08.11.1922 മരണം : 19.10.1998



പരിശുദ്ധ കന്യാമാറിയത്തിന്റെ പിറവിത്തിരുനാളിന്
ഫാ. ബെന്നി മാരാംപറമ്പിൽ കൊടി ആശീർവദിക്കുന്നു.

## മാതാവിന്റെ പിറവി തിരുനാൾ ചിത്രങ്ങൾ

























മരിയൻ ഗാനാലാപനം ഒന്നാം സമ്മാനം നേടിയ
ടെസ്സ ജെയ്സൺ കുരിശുംമൂട്ടിൽ
സെന്റ് ജോർജ്ജ് യൂണിറ്റ്

മരിയൻ ഗാനാലാപനം രണ്ടാം സമ്മാനം നേടിയ
എഞ്ചലീന ഡേവിഡ് & ഫാമിലി
സെന്റ് ആന്റണീസ് യൂണിറ്റ്









ജപമാല മാസ ആരംഭം

## 1-ാം ചരമവാർഷികം.



## എ. ഒ. വർഗ്ഗീസ് (വക്കച്ചൻ)

**ആനാന്തുരുത്തി**

**ജനനം : 24.03.1947 | മരണം : 23.10.2022**

## സ്നേഹസ്മരണയ്ക്ക്.....



## ത്രേസ്യാമ്മ മാത്യു

**പാട്ടത്തിൽ**

**ജനനം : 15.11.1947 | മരണം : 17.08.2023**

# കുടുംബ യൂണിറ്റുകൾ : നവംബർ 2023

| | | |
|---|---|---|
| ബൈബിൾ വായന | : | ലൂക്ക 12: 13 -21 |
| ബൈബിൾ ക്വിസ് | : | ന്യായാധിപൻമാർ 1 -4 |

| തീയതി | യൂണിറ്റ് | കുടുംബം |
|---|---|---|
| 1 | സെന്റ് ജോസഫ് | തോമസ് തൈപ്പോടത്ത് |
| 2 | സെന്റ് ജോൺ മരിയ വിയാനി | തോമസ് മാമ്മൂട്ടിൽ |
| 2 | സേക്രഡ് ഹാർട്ട് | അഗസ്റ്റിൻ കളത്തിപറമ്പിൽ |
| 3 | സെന്റ് ചാവറ | ശൗര്യാർ ഔസേഫ് തോട്ടുങ്കത്തറ |
| 3 | സെന്റ് ആന്റണി | വർഗീസ് പള്ളിക്കതയ്യിൽ |
| 4 | സെന്റ് മദർ തെരേസ | ബിജു തോമസ് കോരച്ചാപറമ്പിൽ |
| 4 | സെന്റ് സെബാസ്റ്റ്യൻ | ജാക്സൺ പുതുക്കാടൻ |
| 5 | സെന്റ് ലിറ്റിൽ ഫ്ലവർ | രാജൻ സാമുവൽ പുത്തൻപുരയ്ക്കൽ |
| 5 | സെന്റ് ഫ്രാൻസിസ് അസ്സീസി | തമ്പി ചീരോത്തിൽ |
| 6 | സെന്റ് ജൂഡ് | ബേബി മാത്യു കൊപ്രമ്പിൽ |
| 6 | സെന്റ് മേരീസ് | ജോണി ജോസഫ് തെങ്ങുംമൂട്ടിൽ |
| 7 | സെന്റ് ഡൊമിനിക് സാവിയോ | തങ്കമ്മ ജോയി കുത്തൂർ |
| 7 | സെന്റ് അൽഫോൻസ | ജോസഫ് പുത്തേൻ |
| 8 | സെന്റ് സ്റ്റീഫൻ | സിസിലി പടന്നയിൽ |
| 8 | സെന്റ് തോമസ് | ജോസഫ് പാലാംതട്ടേൽ |
| 9 | സെന്റ് ഫ്രാൻസിസ് സേവ്യർ | ജോസ് കാനാട്ട് |
| 9 | സെന്റ് ജോർജ് | വൽസൻ മത്തായി പാട്ടത്തിൽ |

| തിരുനാളുകൾ | |
|---|---|
| **നവംബർ** | |
| 01 | സകല വിശുദ്ധർ, കേരളപ്പിറവി ദിനം. |
| 02 | സകല മരിച്ചവരുടെയും ഓർമ്മ |
| 03 | ആദ്യ വെള്ളി |
| 04 | വി. ചാൾസ് ബറോമിയോ |
| 22 | വി. സിസിലി, ദേവാലയ സംഗീതജ്ഞരുടെ മധ്യസ്ഥ |
| 26 | മിശിഹായുടെ രാജ്യത്ത്വതിരുനാൾ,<br>ഇടവകതല മിഷൻ ഞായർ |
| 30 | വിശുദ്ധ അന്ത്രയോസ് ശ്ലീഹാ |
| **ഡിസംബർ** | |
| 01 | ഇരുപത്തഞ്ച് നോമ്പ് ആരംഭം, ആദ്യ വെള്ളി |
| 03 | വി. ഫ്രാൻസിസ് സേവ്യർ |
| 07 | വി. അംബ്രോസ് |
| 08 | പരി. കന്യകാമറിയത്തിന്റെ അമലോൽഭവം |
| 14 | കുരിശിന്റെ വിശുദ്ധ യോഹന്നാൻ |
| 25 | ക്രിസ്തുമസ് |
| 26 | വി. സ്റ്റീഫൻ |
| 27 | വി. യോഹന്നാൻ ശ്ലീഹാ |
| 28 | കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ |
| 29 | ദൈവ മാതൃത്വ തിരുനാൾ |
| 31 | വാർഷാവസാനം |

| കുർബാന നേതൃത്വം | | |
|---|---|---|
| നവംബർ | 01-04 | സെന്റ് സ്റ്റീഫൻ |
| | 05-11 | സെന്റ് തോമസ് |
| | 12-18 | സെന്റ് അൽഫോൻസ |
| | 19-25 | സെന്റ് മേരി |
| | 26-02 | സെന്റ് ഫ്രാൻസിസ് അസീസി |
| ഡിസംബർ | 03-09 | സെന്റ് ജോർജ് |
| | 10-16 | സെന്റ് ആന്റണി |
| | 17-23 | സേക്രഡ് ഹാർട്ട് |
| | 24-30 | സെന്റ് മദർ തെരേസ |

## വാർത്തകൾ - വിശേഷങ്ങൾ

**1. അദ്ധ്യാപക ദിനം**

സെപ്റ്റംബർ 5-ലെ അദ്ധ്യാപകദിനത്തോടനുബന്ധിച്ച് കുടുംബ യൂണിറ്റുകളിൽ അദ്ധ്യാപകരെയും, വിരമിച്ച അദ്ധ്യാപകരെയും, മതാ ദ്ധ്യാപകരെയും മറ്റ് വിദ്യാഭ്യാസപ്രവർത്തകരെയും ആദരിച്ചു. അദ്ധ്യാ പന കാലഘട്ടത്തിലെ അനുഭവങ്ങൾ അവർ പങ്കുവച്ചത് നവ്യാനുഭവ മായി.

**2. ഇടവക തല ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസിന് ഒരുക്കമായി ഇടവക തലത്തിൽ ലോഗോസ് ക്വിസ് സെപ്റ്റംബർ 3-ാം തിയതി നടത്തി. സെന്റ് അൽഫോൻസാ യൂണിറ്റിലെ രഞ്ചു സിജോ കോളുതറ 89 മാർക്കോടെ ഒന്നാം സ്ഥാനം നേടി, സൗജന്യ വിശുദ്ധനാട് തീർത്ഥാടനത്തിന് അർഹയായി. റാണിജോൺ കാട്ടുപറമ്പിൽ, ലാലി സെബാസ്റ്റ്യൻ പടയാട്ടിൽ, മഞ്ചു

തോമസ് പള്ളിവാതുക്കൽ, സിതാര റോബിൻ പരിമണത്ത്, ലില്ലി ജോസ് കോയിത്തറ, സുനിത രാജൻ പുത്തൻ പുരയ്ക്കൽ എന്നിവർ ഉയർന്ന മാർക്കുനേടി.

**3. മാതാവിന്റെ പിറവി തിരുന്നാൾ**

സെപ്റ്റംബർ 8-ന് മാതാവിന്റെ ജനനതിരുനാൾ സാഘോഷം കൊണ്ടാടി. 504 പ്രസുദേന്തി മാരുടെ നേതൃത്വത്തിൽ നടന്ന ആഘോഷ ങ്ങളുടെ കൺവീനർ സെന്റ് ഫ്രാൻസിസ് സേവ്യർ യൂണിറ്റംഗം ഷേർലി എടാട്ടേൽ ആയിരുന്നു. സെപ്റ്റംബർ 1മുതൽ 7 വരെ രാവിലെ 6.15 ന് പാട്ടു കുർബാനയും സെപ്റ്റംബർ 8-ന് ആഘോഷമായ തിരുനാൾ പാട്ടുകുർബാനയും പ്രദക്ഷിണവും നടത്തി. ഫാ. ജോസഫ് പള്ളാട്ടിൽ തിരുനാൾ പാട്ടു കുർബാനയ്ക്ക് നേതൃത്വം നൽകി. സെന്റ് സെബാസ്റ്റ്യൻ പള്ളി വികാരി ഫാ. ജോൺസൺ ഡിക്കൂഞ്ഞ തിരുനാൾ സന്ദേശം നൽകി. പ്രദക്ഷിണത്തിനു ശേഷം സ്നേഹവിരുന്നോടെ ആഘോഷ ങ്ങൾ സമാപിച്ചു.

**4. ഭവന വെഞ്ചിരിപ്പ്**

ഇടവകയിലെ മുഴുവൻ ഭവനങ്ങളും സെപ്റ്റംബർ അവസാനത്തോ ടെ വെഞ്ചിരിച്ചു. യൂണിറ്റ് പ്രതിനിധികളുടെ സഹായത്തോടെ നടത്തിയ വെഞ്ചിരിപ്പ് 4 മാസം കൊണ്ടാണ് പര്യവസാനിച്ചത്.

**5. അതിരൂപതാതല ലോഗോസ് പരീക്ഷ**

ഈ വർഷത്തെ ലോഗോസ് പരീക്ഷയ്ക്ക് ഇടവകയിൽ നിന്നുള്ള 98 പേർ പങ്കെടുത്തു. സെന്റ് ജോസഫ് സ്കൂളിൽ നടന്ന പരീക്ഷയ്ക്ക് മതാ ദ്ധ്യാപകർ നേതൃത്വം നൽകി. മതാദ്ധ്യാപികയായ അലീഷ സേവ്യർ കാട്ടുപറമ്പിൽ 'C' വിഭാഗത്തിൽ അഞ്ചാം റാങ്കും, ഇടവകയിൽ ഒന്നാം സ്ഥാനവും നേടി. രെഞ്ചു സിജോ കോളുതറ, ലാലി സെബാസ്റ്റ്യൻ പട യാട്ടിൽ എന്നിവർ ഉന്നത വിജയം നേടി.

**6. ജന്മദിനം ആഘോഷിച്ചു**

സെപ്റ്റംബർ 22-ാം തിയതി വികാരി ഫാ. ബെന്നി ജോൺ മാരാം പറമ്പിലിന്റെയും ഒക്ടോബർ 8-ാം തിയതി അസി. വികാരി. ഫാ. വിമലി

ന്റെയും ജന്മദിനങ്ങൾ ആഘോഷിച്ചു. ആശംസകളറിയിച്ചും മധുരം പങ്കുവച്ചും ഇടവകജനം ഒപ്പം ചേർന്നു.

**7. വേദപാഠ പരീക്ഷ**

വേദപാഠ വിദ്യാർത്ഥികളുടെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 8-ന് നടന്നു. 1 മുതൽ 4 വരെ കുട്ടികൾക്ക് പള്ളിയിലും, 5 മുതൽ 9 വരെ സ്കൂൾ ഹാളിലും 10-12 വരെ ക്ലാസ്സുകാർക്ക് ഫാ. നരയംപറമ്പിൽ ഹാളിലും പരീക്ഷകൾക്ക് സൗകര്യമൊരുക്കി.

**8. ജപമാലമാസ ആചരണം**

ഒക്ടോബർ 1 മുതൽ 31 വരെ വി. കുർബാന, ജപമാല അർപ്പണം, ദിവ്യകാരുണ്യ ആരാധന എന്നിവ സജീവമായി നടത്തി. 1 മുതൽ 17 വരെ തീയതികളിൽ വിവിധ കുടുംബയൂണിറ്റുകളുടെ നേതൃത്വത്തിൽ ജപമാലയർപ്പണം നടത്തി. കാഴ്ചവയ്പിലൂടെ സോളാർ വൈദ്യുത പദ്ധതിക്കുവേണ്ടി ഒന്നേമുക്കാൽ ലക്ഷം രൂപ പിരിഞ്ഞുകിട്ടി. 18 മുതൽ 28 വരെ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ വെളുപ്പിന് ജപമാലയും വിശുദ്ധ കുർബാനയും നടത്തി. സായാഹ്നങ്ങളിൽ കുടുംബയൂണിറ്റുകൾ വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് വീടുകളിൽ കൊന്ത ചൊല്ലി. 29-ന് ഇടവക തല സമാപനം നടത്തി. ജപമാല റാലിക്കുശേഷം മാതാവിന്റെ 36 പ്രത്യക്ഷീകരണങ്ങൾ അവതരിപ്പിക്കപ്പെട്ടു. മികച്ച അവതരണങ്ങൾക്ക് 10000 രൂപ സമ്മാനം നൽകി. ഇടവകാംഗങ്ങൾ ചേർന്നു തയ്യാറാക്കിയ അത്താഴ വിരുന്നോടെ പരിപാടികൾ അവസാനിച്ചു. ഒക്ടോബർ 31-ന് രാവിലെ മുതൽ വൈകിട്ട് 6 മണിവരെ അഖണ്ഡ ജപമാല അർപ്പണം നടന്നു. അന്നു സായാഹ്നത്തിൽ വിവിധ യൂണിറ്റുകളിൽ ജപമാല മാസ സമാപനം വിവിധ പരിപാടികളോടെ നടത്തി.

**വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ തിരുനാൾ**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ സെപ്റ്റംബർ 24-ന് പുണ്യവാളന്റെ തിരുനാൾ നടത്തി.

**ബൈബിൾ കലോത്സവം**

എറണാകുളം ഫൊറോന തല ബൈബിൾ കലോത്സവം ഒക്ടോബർ 22-24 തീയതികളിൽ കാരണക്കോടം സെന്റ് ജൂഡ് സ്കൂളിൽ നടന്നു. പതിനഞ്ചു മത്സരാർത്ഥികൾ കടവന്ത്ര ഇടവകയിൽനിന്നു പങ്കെടുത്തു. എയ്ഞ്ചലീന ഡേവിഡ് പുളിക്കൽ (ലളിതഗാനം ഒന്നാംസ്ഥാനം A-grade, ശാസ്ത്രീയ സംഗീതം രണ്ടാം സ്ഥാനം A-grade), ജിയ ജെയ്സൺ പുത്തിരിക്കൽ (പെയിന്റിംഗ് രണ്ടാംസ്ഥാനം - A grade), അഞ്ജു ജൂഡി ആനാന്തുരുത്തി (നൃത്തം-രണ്ടാം സ്ഥാനം A grade) ലളിതഗാനം മൂന്നാംസ്ഥാനം A grade), ക്രിസ്റ്റ ഫിലോ ജോസ് മാളിയംവീട്ടിൽ (കഥാപ്രസംഗം മൂന്നാം സ്ഥാനം A grade) എന്നിവർ സമ്മാനങ്ങൾക്ക് അർഹരായി.

## അറിയിപ്പുകൾ

**പൂർവിക സ്മരണ**

മരണമടഞ്ഞ നമ്മുടെ പൂർവികരെ പ്രാത്ഥനാപൂർവം ഓർക്കുന്ന മാസമാണ് നവംബർ. രണ്ടാം തീയതി രാവിലെ 6.30 ന് സിമിത്തേരിയിൽ കുർബാനയും ഒപ്പീസും ഉണ്ടായിരിക്കും. മുപ്പതാം തീയതി വ്യാഴാഴ്ച വൈകിട്ട് 6 മണിക്ക് സിമിത്തേരി കപ്പേളയിൽ വി. കുർബ്ബാനയും ഒപ്പീസും ശ്രാദ്ധവും ഉണ്ടായിരിക്കും. മരണമടഞ്ഞ പൂർവികരുടെ A4 വലിപ്പത്തിലുള്ള ഫോട്ടോ മാസം മുഴുവൻ പള്ളിയിൽ വച്ചു പ്രത്യേക പ്രാർത്ഥന ചൊല്ലുന്നതാണ്. ഫോട്ടോകൾ 1-ാം തീയതിക്കു മുൻപായി കപ്യാരെ ഏൽപ്പിക്കുക.

**ഗോവ വി. ഫ്രാൻസിസ് സേവ്യർ സന്നിധിയിലേക്ക് തീർത്ഥാടനം**

നവംബർ 10-13 തീയതികളിൽ ഗോവ തീർത്ഥാടനം നടക്കുന്നു. ബുക്കിംഗ് പൂർത്തിയായി. കൂടുതൽ പേർക്ക് താല്പര്യമെങ്കിൽ ട്രെയിൻ മാർഗം 2024 ഏപ്രിൽ 4ന് പുറപ്പെട്ട് 7ന് തിരിക്കുന്ന രീതിയിൽ മറ്റൊരു യാത്ര പ്ലാൻ ചെയ്യുന്നു. 50 പേർക്ക് അവസരം. നവംബർ 30ന് മുൻപായി ബുക്ക് ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് കേന്ദ്ര സമിതി ഭാരവാഹികളെ സമീപിക്കുക.

**ഉണ്ണീശോയെ വരവേൽക്കാം**

ഡിസംബർ 1 മുതൽ 25 വരെ മുടങ്ങാതെ പള്ളിയിൽ വരുന്ന കുട്ടികൾക്ക് പ്രത്യേക സമ്മാനങ്ങൾ നൽകുന്നതാണ്. കുട്ടികൾക്കായി ക്രിസ്മസ് കാർഡ്, പുൽക്കൂട്, നക്ഷത്ര - മത്സരങ്ങൾ ഉണ്ടായിരിക്കും. കരോൾ പരിപാടി 23ന് യൂണിറ്റ് അടിസ്ഥാനത്തിൽ ആയിരിക്കും. കുമ്പസാരം 22 വൈകിട്ടും 23 രാവിലെയും. 24 ഞായറാഴ്ച രാവിലെ മൂന്ന് കുർബാനകൾ ഉണ്ടായിരിക്കും. അന്ന് വേദപാഠ ക്ലാസ് ഉണ്ടായിരിക്കും. വൈകിട്ട് 6 ന് കുർബാന ഇല്ല. 24 ഞായർ രാത്രി പത്തു മണിക്ക് പിറവിയുടെ കർമ്മങ്ങൾ ആരംഭിക്കുന്നു. 25നു രാവിലെ 6.30നും 8 മണിക്കും കുർബാന ഉണ്ടായിരിക്കും. 26ന് രാവിലെ 6.30ന് ഒരു കുർബാന മാത്രം. ഡിസംബർ 31 ഞായറാഴ്ച രാവിലെ പതിവുള്ള മൂന്നു കുർബാനകൾ ഉണ്ടായിരിക്കും. വൈകിട്ട് 6ന് കുർബാനയില്ല. അന്ന് വേദപാഠ ക്ലാസുകൾ ഇല്ല. രാത്രി 11മണി മുതൽ ആരാധന, വർഷാവസാന പ്രാർത്ഥന. രാത്രി 12ന് വർഷാരംഭ പ്രാർത്ഥന, വി. കുർബാന. ജനുവരി 1ന് രാവിലെ 6.30നു ഒരു കുർബാന മാത്രം.

**വിശുദ്ധ നാട് തീർത്ഥാടനം നീട്ടിവച്ചു**

നേരത്തെ നിശ്ചയിച്ചിരുന്ന വി. നാട് തീർത്ഥാടനം ഇസ്രായേലിലെ യുദ്ധം കാരണം നവംബർ 24ൽ നിന്ന് 2024 ലേക്കു നീട്ടി

**യൂണിറ്റ് വാർഷികങ്ങൾ**

കുടുംബ യൂണിറ്റുകളുടെ വാർഷികങ്ങൾ ഡിസംബർ- ജനുവരി മാസങ്ങളിലായി നടക്കുന്നു. യൂണിറ്റ് അംഗങ്ങൾ എല്ലാവരും അതാതു വാർഷികങ്ങളിൽ പൂർണമായി പങ്കെടുക്കണം. തീയതി തുടങ്ങിയ വിശദവിവരങ്ങൾ പ്രത്യേകം ചേർത്തിരിക്കുന്നു. വൈകിട്ട് 5:30നു ജപമാല, വി. കുർബാന. തുടർന്ന് 1 മണിക്കൂറിൽ താഴെയുള്ള മീറ്റിംഗ്, ഭക്ഷണം. തുടർന്ന് കലാപരിപാടികൾ. രാത്രി 10 മണിക്ക് മുൻപായി എല്ലാ പരിപാടികളും അവസാനിക്കേണ്ടതാണ്.

**സൺഡേ സ്കൂൾ പ്രൊമോട്ടർമാരുടെ സന്ദർശനം**

നവംബർ 5നു ഫൊറോനാ പ്രൊമോട്ടർമാർ സൺഡേ സ്കൂൾ ക്ലാസുകൾ സന്ദർശിക്കുന്നതിനായി എത്തിച്ചേരുന്നു.

### ക്രിസ്തുരാജന്റെ തിരുനാളും റാലിയും മിഷൻ ഞായറും

ക്രിസ്തുരാജന്റെ തിരുനാളും റാലിയും നവംബർ 26 ഞായറാഴ്ച 8 മണി യുടെ കുർബാനയോട് അനുബന്ധിച്ചു നടത്തുന്നു. കുർബാനക്ക് ശേഷം നടക്കുന്ന റാലിയിൽ വിവിധ ഗ്രുപ്പ് അടിസ്ഥാനത്തിൽ കുട്ടികൾ അണിനിരക്കും. മിഷൻ ഞായറിന്റെ ഭാഗമായി CLC യുടെ നേതൃത്വത്തിൽ ഉല്പന്ന ലേലം, വിവധ യൂണിറ്റുകളുടെയും സംഘടനകളുടെയും നേതൃത്തിൽ ഫുഡ് സ്റ്റാളുകൾ എന്നിവ ഉണ്ടായിരിക്കും. എല്ലാവരും പ്രഭാത ഭക്ഷണം പള്ളിയിൽ നിന്നു വാങ്ങുന്നത് നന്നായിരിക്കും.

### എറണാകുളം ഹയരാർക്കി സ്ഥാപന ശതാബ്ദി

എറണാകുളം അതിരൂപതയായി ഉയർത്തപ്പെട്ടതിന്റെയും സീറോ മലബാർ സഭാ ആസ്ഥാനമായതിന്റെയും ശതാബ്ദിയും, രൂപതാ സ്ഥാ പനത്തിന്റെ 125-ാം വാർഷികവും 2023 ഡിസംബർ 10 ഞായറാഴ്ച തൃക്കാക്കര ഭാരതമാതാ കോളേജിലെ മാർ അഗസ്റ്റിൻ കണ്ടത്തിൽ നഗ റിൽവച്ച് ആഘോഷിക്കുന്നു. വി. കുർബാന, ശതാബ്ദി സമാപന സമ്മേ ളനം എന്നിവ ഉണ്ടായിരിക്കും. ഇടവകയിൽനിന്ന് നൂറിൽ കുറയാത്ത പ്രതിനിധികൾ പങ്കെടുക്കും.

**അക്ഷരത്തെറ്റ്**

ആ നിരുപദ്രവമായ സെൽഫ് ഹെൽപ് പുസ്തകം എങ്ങനെ ഇങ്ങനെ വിറ്റുപോയെന്ന് പ്രസാധകന് ഒരു പിടുത്തവും കിട്ടുന്നില്ല. രാവിലെ ഇറങ്ങിയ പുസ്തകം ഉച്ചയ്ക്കു മുൻപേ അവസാനത്തെ പ്രതി യും വിറ്റുതീർന്നു. പിന്നെയും വായനക്കാർ അക്ഷമരായി ക്യൂ നിൽക്കു കയാണ്.

പിന്നീട്, കവർപേജിലെ ചെറിയൊരു അക്ഷരത്തെറ്റിന്റെ പേരിന്റെ വലിയ ചീത്തകൾ കേൾക്കാൻ തുടങ്ങിയപ്പോഴാണ് വില്പനയു ടെ രഹസ്യം മനസ്സിലായത്, You Can Change your Life എന്ന പുസ്ത കത്തിന്റെ പേരിലെ Life - നെ, അച്ചടിപ്പിശാച് Wife എന്നാക്കിയിരുന്നു!

## കുടുംബയൂണിറ്റ് വാർഷികങ്ങൾ 2024

| തിയതി | യൂണിറ്റ് |
|---|---|
| 26 ഡിസംബർ 2023 | സെന്റ് സെബാസ്റ്റ്യൻ |
| 28 ഡിസംബർ 2023 | സെന്റ് മേരി |
| 30 ഡിസംബർ 2023 | സെന്റ് മദർ തെരേസ |
| 2 ജനുവരി 2024 | സെന്റ് ജൂഡ് |
| 4 ജനുവരി 2024 | സെന്റ് തോമസ് |
| 6 ജനുവരി 2024 | സെന്റ് ആന്റണി |
| 9 ജനുവരി 2024 | സെന്റ് ഡൊമിനിക് സാവിയോ |
| 11 ജനുവരി 2024 | സെന്റ് ചാവറ |
| 13 ജനുവരി 2024 | സെന്റ് ജോൺ മരിയ വിയാനി |
| 15 ജനുവരി 2024 | സെന്റ് ഫ്രാൻസിസ് സേവ്യർ |
| 18 ജനുവരി 2024 | സെന്റ് ജോർജ് |
| 20 ജനുവരി 2024 | സേക്രഡ് ഹാർട്ട് |
| 22 ജനുവരി 2024 | സെന്റ് ഫ്രാൻസിസ് അസ്സീസ്സി |
| 25 ജനുവരി 2024 | സെന്റ് ജോസഫ് |
| 27 ജനുവരി 2024 | സെന്റ് ലിറ്റിൽ ഫ്ളവർ |
| 29 ജനുവരി 2024 | സെന്റ് അൽഫോൻസാ |
| 30 ജനുവരി 2024 | സെന്റ് സ്റ്റീഫൻ |

## ലോഗോസ് ക്വിസ്
## അതിരൂപതാ തല ഉന്നതവിജയം കരസ്ഥമാക്കിയവർ

| | | MARK |
|---|---|---|
| 1. | അലീഷ സേവ്യർ കാട്ടുപറമ്പിൽ | - 88 |
| 2. | രെഞ്ചു സിജോ കോളുതറ | - 86 |
| 2. | ലാലി സെബാസ്റ്റ്യൻ പടയാട്ടിൽ | - 84 |
| 3. | മിനു പ്രതീഷ് പറപ്പിള്ളിൽ | - 79 |
| 4. | റാണി ജോൺസൺ കാട്ടുപറമ്പിൽ | - 76 |
| 5. | മേരി ആന്റണി കോയിത്തറ | - 75 |
| 6. | മഞ്ചു മേരി തോമസ് പള്ളിവാതുക്കൽ | - 75 |
| 7. | കൊച്ചുത്രേസ്യ ജോർജ്ജ് മാളിയേക്കൽ | - 73 |
| 8. | ലൂസി ജോയി ചക്കാലക്കൽ പോളപ്പമ്പിൽ | - 71 |
| 9. | സുനിത രാജൻ പുത്തൻപുരയ്ക്കൽ | - 68 |
| 10. | വിനി മാത്യു ഇലഞ്ഞിക്കൽ | - 68 |
| 11. | മഞ്ചിമ ജെറിൻ കാട്ടുപറമ്പിൽ | - 68 |
| 12. | സുനിത ജോർജ്ജ് കരിന്തോളിൽ | - 67 |
| 13. | ലില്ലി ജോസ് കോയിത്തറ | - 67 |
| 14. | സെൻസ്ലാവോസ് സേവ്യർ തൈപ്പോടത്ത് | - 65 |
| 15. | ഷീന ജിൻസൺ ആനാന്തുരുത്തി | - 66 |
| 16. | മേരി സിതാര പരിമണത്ത് | - 65 |
| 17. | ജീന സെൻസ്ലാവോസ് തൈപ്പോടത്ത് | - 65 |
| 18. | ബിജി സാജൻ തോട്ടുങ്കത്തറ | - 64 |
| 19. | റൂബി സേവ്യർ കാട്ടുപറമ്പിൽ | - 63 |
| 20. | ആനി തോമസ് പുത്തനങ്ങാടി | - 62 |
| 21. | ധന്യ സുനിൽ പൈനുതറ | - 61 |
| 22. | സാലമ്മ ജെയിംസ് തച്ചുപറമ്പിൽ | - 61 |

## ജനനം, വിവാഹം, മരണം
### 2023 സെപ്റ്റംബർ – ഒക്ടോബർ

### ജനനം

| | ജനനം | മാമ്മോദീസ |
|---|---|---|
| ജോ എബിൻ തച്ചിൽ | 11.07.2023 | 21.10.2023 |

### വിവാഹം

| | |
|---|---|
| പുല്ലുപറമ്പിൽ മെൽവിൻ മാർട്ടിൻ & തെക്കിനേൻ അന്നു പൗലോസ് (ഫോർട്ടുകൊച്ചി ) | 03.09.2023 |
| ആനാന്തുരുത്തി നെബി വർഗീസ് & കല്ലറയ്ക്കൽ തേലക്കാടൻ ജിസ്മോൻ (തിരുമുടിക്കുന്ന്) | 22.10.2023 |

### മരണം

| | |
|---|---|
| ചാലാഞ്ചേരി പുത്തൻവീട്ടിൽ ബ്രിജീത്ത ജോസഫ് | 13.09.2023 |
| വല്യാറമ്പത്ത് ജെറിൽ തോമസ് | 06.10.2023 |

## ബൈബിൾ ക്വിസ് - 8
ന്യായാധിപൻമാർ 1-4

1. ന്യായാധിപന്മാർ 1-4 വരെയുള്ള അദ്ധ്യായങ്ങളിൽ കർത്താവിന്റെ ആത്മാവ് ആരുടെ മേൽ വന്നു എന്നാണ് പറയുന്നത്?
2. ഇസ്രായേൽ ജനതയ്ക്കു ദൈവം കീഴ്പ്പെടുത്തിയ കാനാൻ രാജാവിന്റെയും അവന്റെ സേനാപതിയുടെയും പേരുകൾ?
3. കർത്താവിന്റെ ദൂതൻ വന്ന് ഇസ്രായേൽ ജനത്തോട് അവിടത്തെ ദേശവാസികളുമായി എന്തു ചെയ്യരുതെന്നാണ് പറഞ്ഞത്?
4. ജോഷ്വയെ സംസ്കരിച്ച സ്ഥലപ്പേര് ജോഷ്വയുടെ പുസ്തകത്തിലും ന്യായാധിപന്മാരുടെ പുസ്തകത്തിലും എപ്രകാരമാണ് എഴുതിയിരിക്കുന്നത്?
5. യുദ്ധരംഗത്തു നിന്ന് സിസേറ പലായനം ചെയ്ത് അഭയംപ്രാപിച്ചത് ആരുടെ കൂടാരത്തിൽ?
6. ഇസ്രായേൽ കർത്താവിന്റെ മുമ്പാകെ തിന്മ പ്രവർത്തിച്ചത് എപ്രകാരം?
7. 'ഞാൻ അവരോടു ചെയ്തതുപോലെ തന്നെ ദൈവം എന്നോടും ചെയ്തിരിക്കുന്നു' എന്നു പറഞ്ഞത് ആരാണ്?
8. ന്യായാധിപന്മാർ, ന്യായപാലകരായിട്ടല്ല, ആരായിട്ടാണ് അറിയപ്പെട്ടിരുന്നത്?
9. കർത്താവ് ശപഥം ചെയ്ത് ഇസ്രായേൽക്കാർക്ക് മുന്നറിയിപ്പു നല്കിയിരുന്നതുപോലെ ചെന്നിടത്തൊക്കെയും നാശം വരുത്തക്കവിധം എന്ത് അവർക്ക് എതിരായിരുന്നു?
10. മോശയുടെ അമ്മായിയപ്പൻ ആര്?

**(ശരിയായ ഉത്തരങ്ങൾ നവംബർ 30ന് മുൻപായി പള്ളിയിൽ എത്തിക്കണം.)**

## ബൈബിൾ ക്വിസ് വിജയികൾ

1 ജോസ് കാനാട്ട്
2 നിക്കോളാസ് എബ്രഹാം പള്ളിവാതുക്കൽ
3 ജോബി ജോർജ് ചെറുതുരുത്തി
4 സാമുവൽ ജോസഫ് ചെറുതുരുത്തി
5. നിഷ ഷിബു കൂട്ടുങ്കൽ
6. സിസ്റ്റർ സാലി FCC
7 ജാക്വിലിൻ പൗലോസ് കൈതാരത്ത്
8 സി സി ജോസഫ് കൊച്ചുപള്ളത്തുശ്ശേരി
9 ജോസ്മി ജോഷി കൂട്ടുങ്കൽ

**അഭിനന്ദനങ്ങൾ**




ഇവരിൽ നിന്നും നറുക്കെടുപ്പിലൂടെ സമ്മാനാർഹയായ
**ജോസ്മി ജോഷി കൂട്ടുങ്കൽ**
സെന്റ് ഫ്രാൻസിസ് സേവ്യർ യൂണിറ്റ്

## ബൈബിൾ കലോത്സവ വിജയികൾക്ക് അഭിനന്ദനങ്ങൾ



**എയ്ഞ്ചലീന ഡേവിഡ് പുളിക്കൽ**
(ലളിതഗാനം ഒന്നാം സ്ഥാനം - A Grade)
ശാസ്ത്രീയ സംഗീതം രണ്ടാം സ്ഥാനം - A Grade



**അഞ്ജു ജൂഡി ആനാന്തുരുത്തി**
(നൃത്തം രണ്ടാം സ്ഥാനം - A Grade)
(ലളിതഗാനം മൂന്നാം സ്ഥാനം - A Grade)



**ജിയ ജെയ്സൺ പുത്തിരിക്കൽ**
(പെയിന്റിംഗ് രണ്ടാംസ്ഥാനം - A Grade)



**ക്രിസ്റ്റ ഫിലോ ജോസ് മാളിയംവീട്ടിൽ**
(കഥാപ്രസംഗം മൂന്നാം സ്ഥാനം - A Grade)

അഖിലേന്ത്യതലത്തിൽ
നടത്തിയ ഡിസൈൻ മത്സരത്തിൽ
INDIA'S BEST DESIGN STUDENT 2023.

C B S E സ്റ്റേറ്റ് ലെവൽ
Kho Kho ടൂർണമെന്റ് റണ്ണറപ്പ്

അഭിനന്ദനങ്ങൾ




**ജെഫ് ടോംസൺ**
പരിമണത്ത്
സേക്രഡ് ഹാർട്ട് യൂണിറ്റ്



**ജൂണി റോബിൻ**
പരിമണത്ത്
സേക്രഡ് ഹാർട്ട് യൂണിറ്റ്

# 2 -ാം ചരമവാർഷികം



## വെരി. റവ. ഫാ. ജോൺ നടുവത്തുശ്ശേരി CMI

Oct 21, 1939 - Nov 26, 2021








# The Cocoa
# Cakes Bakes Caf'e

## All varieties of cakes

**Fresh cream, Fondant,**
**Browine, Plum,Carrot dates,**
**Dream Cake,Bund Cake,Eggless,**
**Sugarless,Pudding, Cookies,**
**Waffle, Momos,Snacks,**
**Noodles,Juice,Shakes & more**

## Specialized in customized cakes

The cocoa

**WE MAKE LIFE SWEET**

**We are accepting party orders & dessert table arrangements for all occasions**

thecocoa7
thecocoa.in
thecocoa7@gmail.com

K.P. Vallon Road, Kadavanthra,
near Buy n Save SuperMarket.
7025077799, 7025507779,
9847714411

Designing & Printings: Printings, Ernakulam, Phone: 0484-2401635